## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 298 — 29.1.2014-ന് മറുപടിക്ക്

### മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി<br>,, പി.ബി. അബ്ദുൾ റസാക്<br>,, എം. ഉമ്മർ<br>,, വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ; | എ) നഗരങ്ങളിലെ ഖരമാലിന്യം ഫലപ്രദമായി സംസ്ക്കരിക്കുന്നതിനും പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ പുതിയതായി സ്ഥാപിക്കുന്നതിനും പ്ലാന്റുകൾ നിലവിലുള്ള നഗരസഭകളിലെ പ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമായിട്ടുള്ള വലിയ നഗരസഭകളിലും കോർപ്പറേഷനുകളിലും നവീന രീതിയിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ വിശേഷിച്ചും മാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ ലക്ഷ്യമിടുന്ന തിരുവനന്തപുരത്ത് ചാല, എറണാകുളത്ത് ബ്രഹ്മപുരം എന്നിവിടങ്ങളിൽ സ്ഥാപിക്കാനുള്ള നയപരമായ തീരുമാനം സംസ്ഥാന സർക്കാർ എടുക്കുകയും ആയത് പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി.പി.പി) അടിസ്ഥാനത്തിൽ സ്വകാര്യപങ്കാളിത്തത്തോടെ നടപ്പിലാക്കാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി ഉറവിടത്തിൽ തന്നെ മാലിന്യം സംസ്ക്കരിക്കുന്നുതിനും നടപടികൾ എടുത്തുവരുന്നു. ആയതിന് ലഘുവായ സാങ്കേതിക വിദ്യകൾ അംഗീകരിക്കാനും അവയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കാനും അവയ്ക്കുള്ള സബ്സിഡി കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 90% ആയി ഉയർത്തുവാനും ബയോഗ്യാസ് പ്ലാന്റുകൾക്ക് 75% ആയി ഉയർത്തുവാനും കഴിഞ്ഞു. |

| | | | |
|---|---|---|---|
| ബി) | ഓരോ പദ്ധതിയുടെയും പ്രവർത്തന വിജയം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | ബി) | ഉണ്ട്. ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയുടെ ഭാഗമായി കോട്ടയം, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ മോണിറ്ററിംഗ് നടത്തിയിട്ടുണ്ട്. ഇതിൽ നിന്ന് മനസിലാക്കാൻ കഴിഞ്ഞത് കൂടുതലായി ഉപയോഗിച്ച് വരുന്നത് പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയാണ്. വളരെകുറച്ച് സ്ഥലങ്ങളിൽ വെർമി കമ്പോസ്റ്റ്, മൺകല കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ് എന്നിവയാണ് സ്വീകരിച്ചുവരുന്നത്. 90% വീടുകളിലും ബയോഗ്യാസ് പ്ലാന്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരികയാണ്. ഇതുമൂലം പരിസ്ഥിതി പ്രശ്നങ്ങൾ വളരെയധികം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് പൊതുവിലയിരുത്തൽ. |
| സി) | ഇക്കാര്യത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം എത്രത്തോളമാണെന്നും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് അവ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | സി) | എല്ലാ പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കി വരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടേയും പങ്കാളിത്തം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ